## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 6687 — 09.07.2014-ൽ മറുപടിയ്ക്ക്

### ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി വിവിധ പദ്ധതികളിൽ നിർമ്മിച്ച് വരുന്ന വീടുകൾ

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച് വരുന്ന വീടുകൾ എത്രയെണ്ണമുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക വേണ്ടി വിവിധ പദ്ധതികളിൽപ്പെടുത്തി ആകെ 1195 വീടുകൾ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 1000 വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | ഇവയുടെ നിർമ്മാണം എപ്പോഴാണ് ആരംഭിച്ചത്; പൂർത്തിയാക്കേണ്ടത് എപ്പോഴായിരുന്നു; നിർമ്മാണ ഏജൻസികൾ ആരെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ട് ഉപയോഗിച്ചാണ് വിവിധ സ്കീമുകളിലുൾപ്പെട്ട ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. അതേ സാമ്പത്തിക വർഷം തന്നെ വീടുകൾ വാസയോഗ്യമാം വിധം പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികളിലെല്ലാം ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മാണം നടത്തുന്നത്. എന്നാൽ ചില പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തിയും, ഗുണഭോക്താക്കൾക്ക് നിർമ്മാണ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ അംഗീകൃത ഏജൻസികളായ നിർമ്മിതി കേന്ദ്രം, കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നിവ മുഖാന്തിരം ഭവന നിർമ്മാണം നടപ്പിലാക്കി വരുന്നു. |
| സി) | മുൻകാലത്ത് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുകയും ഇനിയും പൂർത്തിയാകാത്തതുമായ വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ വിവിധ സ്കീമുകളിൽ അനുവദിക്കപ്പെട്ടതും പണികൾ പൂർത്തീകരിച്ചു വരുന്നതുമായ ഭവന നിർമ്മാണത്തിന്റെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| ഡി) | പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വീട് നിർമ്മാണം പൂർത്തിയാക്കാതിരിക്കുകയോ, കാലതാമസം വരുത്തുകയോ ചെയ്യുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | ഡി) | അതീവ ദുർഘട പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ തലച്ചുമടായി കെട്ടിട നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ഭാരിച്ച ചെലവ്, വിദഗ്ധരായ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ അഭാവം മുതലായ കാരണങ്ങളാൽ വിവിധ സ്കീമുകളിൽ അനുവദിച്ച വീടുകളുടെ നിർമ്മാണം യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. |
| ഇ) | നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും; പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | ഇ) | നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഓഫീസർമാർക്ക നൽകുകയും ആയതിന് ആവശ്യമായ തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം I

ANNEXURE-I

| GENERAL HOUSING PROGRESS REPORT | | | |
|---|---|---|---|
| SL.NO | PO/TDO Office | 2012-13 | 2014-15 |
| | | Allotted Houses | |
| 1 | Nedumangad | 70 | 50 |
| 2 | Kanjirappally | 55 | 50 |
| 3 | Idukki | 158 | 120 |
| 4 | Attappady | 131 | 70 |
| 5 | Wayanad | 117 | 90 |
| 6 | Kannur | 52 | 40 |
| 7 | Nilambur | 50 | 50 |
| 8 | Punalur | 62 | 50 |
| 9 | Ranni | 43 | 40 |
| 10 | Muvattupuzha | 43 | 40 |
| 11 | Chalakkudy | 42 | 40 |
| 12 | Palakkad | 56 | 40 |
| 13 | Sulthanbathery | 100 | 40 |
| 14 | Mananthavady | 100 | 90 |
| 15 | Kasargod | 76 | 90 |
| 16 | Kozhikode | 40 | 100 |
| | **TOTAL** | **1195** | **1000** |

സെക്ഷൻ ഓഫീസർ

ANNEXURE II

| Details of incomplete houses in previous financial years | | | |
|---|---|---|---|
| Sl No | Year | Alloted Houses | Incomplete Houses |
| 1 | *2006-07* | 1237 | 236 |
| 2 | *2007-08* | 482 | 37 |
| 3 | *2008-09* | 885 | 106 |
| 4 | *2009-10* | 2390 | 1025 |
| 5 | *2010-11* | 1257 | 1054 |
| 6 | *2011-12* | 1910 | 1103 |
| 7 | *2012-13* | 3269 | 2921 |
| 8 | *2013-14* | 1195 | 995 |
| 9 | *2014-15* | 1000 | 1000 |